പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5008. 24.07.2015 ന് മറുപടിയ്ക്ക്.

## കൊയിലാണ്ടി ഗവ. ഐ.ടി.ഐ.

ചോദ്യം

ശ്രീ.കെ. ദാസൻ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി ഗവ. ഐ.ടി.ഐ. വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച നിവേദനങ്ങൾ എത്ര; ആരിൽ നിന്നെല്ലാം; വിശദമാക്കാമോ;

(ബി) ഗവ. ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്ത് കൂടുതൽ കോഴ്സുകളും സംവിധാനങ്ങളും അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉത്തരം

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.യുടെ വികസനവുമായി ബന്ധപ്പെട്ട് ഗവ. ഐ.ടി.ഐ. കൊയിലാണ്ടി വികസന കമ്മിറ്റി ചെയർമാൻ ശ്രീ.യു.കെ.ഡി. അടിയോടിയിൽ നിന്നും ബഹു. കൊയിലാണ്ടി എം.എൽ.എ. ശ്രീ.കെ. ദാസൻ അവർകൾ മുഖാന്തിരം കൊയിലാണ്ടി ഗവ. ഐ.ടി.ഐ. പി.ടി.എ. പ്രസിഡന്റ് മാരായിരുന്ന ശ്രീ.പി.കെ. രവീന്ദ്രൻ, ശ്രീ. ഗംഗാധരൻ കിടാവ് എന്നിവരിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.യെ ഒന്നാം നിര ഐ.ടി.ഐ.യായി ഉയർത്തുന്നതിനുള്ള ശുപാർശ 2013-14 ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല. 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റിലും കൊയിലാണ്ടി ഐ.ടി.ഐ. യെ ഒന്നാം നിരയായി ഉയർത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ